**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

| | |
|---|---|
| **<u>നക്ഷത്രചിഹ്നമിടാത്ത</u>** | **<u>18.03.2015 ൽ</u>** |
| **<u>ചോദ്യം നം.2363</u>** | **<u>മറുപടിയ്ക്ക്</u>** |

## <u>യുവസംരംഭക സംഗമം</u>

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. പി.സി. വിഷ്ണുനാഥ്:**<br>**ശ്രീ. വി.റ്റി. ബൽറാം:**<br>**ശ്രീ. ഷാഫി പറമ്പിൽ :**<br>**ശ്രീ. ഹൈബി ഈഡൻ:** | **കുമാരി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും**<br>**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| എ) യുവജന ബോർഡിന്റെ നേതൃത്വത്തിൽ യുവസംരംഭക സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അഹമ്മദാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന Entrepreneurship Development Institute of India യുടെ സഹകരണത്തോടുകൂടി യുവസംരംഭ സംഗമം 2014 നവംബർ 17, 18 തീയതികളിൽ തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഹാളിൽ വച്ച് സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) ഇതു മുഖേന എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) യുവജനങ്ങൾ തൊഴിൽ അന്വേഷകർ ആകാതെ തൊഴിൽദാതാക്കളായി മാറുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ട പരിശീലനവും മാർഗ്ഗ നിർദ്ദേശവും നൽകി പുതിയൊരു സംരംഭകത്വ സംസ്കാരം രൂപീകരിക്കുകയും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| സി) എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്തത് ; | സി) സംരംഭകാവസരം കണ്ടെത്തൽ, പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം, മോട്ടിവേഷൻ, മാർക്കറ്റ് അനാലിസിസ്, മെന്ററിംഗ്, പ്രോജക്ട് റിപ്പോർട്ട് പ്രിപ്പറേഷൻ എന്നീ വിഷയങ്ങളെ അധികരിച്ചാണ് യുവസംരംഭകസംഗമത്തിൽ ചർച്ച ചെയ്തത്. |
| ഡി) ഇതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | ഡി) കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, തിരുവനന്തപുരം, വയനാട് എന്നീ |

ജില്ലകളിൽ സംരംഭകത്വ പരിശീലനം നടത്തി വരുന്നു. പരിശീലനം പൂർത്തിയാക്കിയവർക്ക് സംരംഭം തുടങ്ങുവാൻ വേണ്ട നിർദ്ദേശവും പ്രോത്സാഹനവും ധനസമാഹരണത്തിനു വേണ്ടി യുള്ള ഉപദേശവും നൽകുന്നതാണ്. അവശേ ഷിക്കുന്ന മൂന്ന് ജില്ലകളിൽ കൂടി സംരംഭകത്വ പരിശീലനം തുടർന്നുള്ള വർഷങ്ങളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ